"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - വി.എച്ച്.എസ്.ഇ കരിക്കുലം - NSQF 'Assistant Offset Printing Operator' കോഴ്സ് - വി.എച്ച്.എസ്.ഇ-യുടെ 'VHSE (Printing Technology)' കോഴ്സിന് തുല്യമായി അംഗീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്**

സ.ഉ.(സാധാ) നം.3794/2026/GEDN തീയതി,തിരുവനന്തപുരം, 05-06-2026

---

പരാമർശം:-

1. ശ്രീ.അമൻ ശേഖർ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ സമർപ്പിച്ച 28.05.2026-ലെ അപേക്ഷ
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02.06.2026 തീയതിയിലെ VHSE/1421/2026-C1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2020-22 അധ്യയന വർഷം വി.എച്ച്.എസ്.ഇ NSQF കോഴ്സായ Assistant Offset Printing Operator പാസ്സായ ശ്രീ.അമൻ ശേഖർ. ബി, കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തിയ പ്രിന്റിംഗ് വകുപ്പിലെ Binder Gr. II (Category 216/2025) ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തിയാണന്നും VHSE Printing Technology/Equivalent Qualification എന്നതാണ് പ്രസ്തുത തസ്തികയുടെ അടിസ്ഥാന യോഗ്യതയെന്നും, ആയതിനാൽ, ടിയാൻ പാസ്സായ Assistant Offset Printing Operator കോഴ്സ് VHSE Printing Technology കോഴ്സിന് തുല്യമാണെന്നുള്ള സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുവാൻ ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നു.

2. Assistant Offset Printing Operator (AOPO) കോഴ്സ്, പ്രിന്റിങ്, പ്രിന്റ് ഫിനിഷിങ് മേഖലകളിൽ ആവശ്യമായ അറിവും പ്രായോഗിക നൈപുണ്യങ്ങളും വിദ്യാർത്ഥികൾക്ക് നൽകുന്നതിനായി രൂപകൽപ്പന ചെയ്ത ഒരു തൊഴിലധിഷ്ഠിത കോഴ്സാണ്. VHSE Printing Technology കോഴ്സിലും, പ്രിന്റിംഗിനോടൊപ്പം ബൈൻഡിങ്ങുമായി ബന്ധപ്പെട്ട സമഗ്രമായ പഠന വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. VHSE Printing Technology കോഴ്സിലെ ബൈൻഡിങ് ഭാഗവും, AOPO കോഴ്സിലെ ബൈൻഡിങ് ഭാഗവും തമ്മിലുള്ള താരതമ്യ പഠനത്തിൽ നിന്ന് AOPO കോഴ്സ്, VHSE Printing Technology സിലബസിലെ ബൈൻഡിങ് വിഭാഗത്തിലെ ഭൂരിഭാഗം വിഷയങ്ങും ഉൾക്കൊള്ളുന്നതായി കണ്ടെത്തുകയും കൂടാതെ AOPO കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുള്ള On-the-job Training (OJT) ഫീൽഡ് സന്ദർശനം എന്നിവയിലൂടെ വിദ്യാർത്ഥികൾക്ക് പ്രിൻ്ററിംഗ് വ്യവസായത്തിൽ സാധാരണയായി ഉപയോഗിക്കുന്ന ബൈൻഡിങ്,

ഫിനിഷിങ് പ്രവർത്തനങ്ങൾ പ്രായോഗികമായി നിർവ്വഹിക്കാനുള്ള കഴിവും ലഭിക്കുന്നു. ആയതിനാൽ, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പ്രിന്റിംഗ് വകുപ്പിലെ **Binder Gr.II** തസ്തികയുടെ യോഗ്യതയായി ഉൾപ്പെടുത്തിയ **VHSE Printing Technology** കോഴ്സിനോടൊപ്പം, **VHSE**-യിലെ **NSQF Assistant Offset Printing Operator (AOPO)** കോഴ്സ് കൂടി **Binder Gr.II** തസ്തികയുടെ യോഗ്യതയായി പരിഗണിക്കാവുന്നതാണെന്നും തുല്യത നൽകാമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

**3.** സർക്കാർ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ **NSQF** കോഴ്സായ **'Assistant Offset Printing Operator'** കോഴ്സ്, വി.എച്ച്.എസ്.ഇ-യുടെ **'VHSE (Printing Technology)'** കോഴ്സിന് തുല്യമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (with C.L)
**Sri. Aman Sekhar. B, Kalissery House, Kongorpilly P.O, Ernakulam - 683 518**
**Public Procurement Advisory Department**
പൊതുവിദ്യാഭ്യാസ (A/B/E/H/K/L/T) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് *(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Siju Vasudevan
Date: 05-06-2026 14:22:05
സെക്ഷൻ ഓഫീസർ